ഹരിതകേരളം മിഷൻ
കേരള സർക്കാർ

21.10.2020

# പത്രക്കുറിപ്പ്

## നല്ല മാറ്റങ്ങൾ ആർക്കാണ് ഇഷ്ടമാകാത്തത്...

## വാഗമണ്ണിൽ സഞ്ചാരികളെ കാത്തിരിക്കുന്നത് ഹരിത ചെക്ക് പോസ്റ്റും കാവൽക്കാരും

ഈ സീസണിൽ വാഗമൺ കാണാനെത്തുന്നവർ ഒന്നമ്പരന്നേക്കും. വാഗമണ്ണിന്റെ അഞ്ച് പ്രവേശന കവാടങ്ങളിലും രാവും പകലും പ്രവർത്തിക്കുന്ന ഹരിതചെക്ക് പോസ്റ്റുകളും ഹരിത കാവൽക്കാരെയും കാണാം. അവർ ഉറക്കമിളച്ച് കാത്തിരിക്കുകയാണ്. പ്ലാസ്റ്റിക്കും കുപ്പിയും കടലാസ്സും തുടങ്ങി വാഗമണ്ണിന്റെ മനോഹര ഭൂപ്രകൃതിയ്ക്ക് ഹാനി വരുത്തുന്ന യാതൊന്നും അവിടെയെത്തുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനാണ് ഈ ജാഗ്രത. കാരണം സംസ്ഥാനത്തെ ആദ്യ ഹരിത ടൂറിസം ഡെസ്റ്റിനേഷനാണ് വാഗമൺ.

അഞ്ച് പ്രധാന കവാടങ്ങളാണ് വാഗമണ്ണിലേയ്ക്കുള്ളത്. അവിടെ പഞ്ചായത്ത് അതിർത്തികളിലെല്ലാം വാഹനങ്ങളെയും യാത്രികരെയും സ്വാഗതം ചെയ്യുന്നത് ഹരിത ചെക്ക്പോസ്റ്റുകളും ഹരിതകർമ്മ സേനാംഗങ്ങളുമാണ്. അവർ നിങ്ങളുടെ വാഹനം കൈ കാണിച്ച് നിർത്തും. വാഹനത്തിൽ പ്ലാസ്റ്റിക്കു കുപ്പികളോ മിഠായി കവറോ തുടങ്ങി വലിച്ചെറിയാനുള്ളതെന്തെങ്കിലും കരുതിയിട്ടെങ്കിൽ അവരത് വാങ്ങും. ഒന്നും വലിച്ചെറിയരുതേയെന്ന് സ്നേഹത്തോടെ ഉപദേശിക്കും. ഹരിത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനത്തിനുള്ള പത്തു രൂപയുടെ രസീതും നൽകും.

തുണിസഞ്ചിയോ മറ്റ് പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളോ വാങ്ങണമെന്ന് തോന്നിയാൽ ചെക്ക് പോസ്റ്റിന് സമീപത്തെ ഗ്രീൻ കൗണ്ടറുകളിൽ അതിനും സൗകര്യമുണ്ട്. അതല്ലെങ്കിൽ ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻഷോപ്പുകൾ വേറെയുമുണ്ട്. വെള്ളം കുടിച്ച കുപ്പികളൊന്നും വലിച്ചെറിയേണ്ട, വഴിനീളെയെന്ന് പറയാവുന്ന പോലെ ബോട്ടിൽ ബൂത്തുകൾ ക്രമീകരിച്ചിട്ടുണ്ട്, അവിടെ നിക്ഷേപിച്ചാൽ മതിയാകും. അതെല്ലാം അവിടെ കുന്നുകൂടി കിടക്കുമെന്ന പേടിയും വേണ്ട. യഥാസമയം അത് നീക്കാൻ ഹരിതകർമ്മ സേനാംഗങ്ങളുണ്ട്. ഇവയെല്ലാം സംഭരിച്ചു സൂക്ഷിക്കുന്നതിന് രണ്ട് സംഭരണ കേന്ദ്രങ്ങളും (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) സുസജ്ജമാണ്. അവിടെ തരംതിരിച്ച് സൂക്ഷിക്കുന്ന അജൈവ പാഴ്വസ്തുക്കൾ നിശ്ചിത ഇടവേളകളിൽ സർക്കാർ സ്ഥാപനമായ ക്ലീൻകേരള കമ്പനിയാണ് നീക്കം ചെയ്യുന്നത്. വാഗമൺ നേരിട്ടിരുന്ന രൂക്ഷമായ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടവും ഹരിതകേരളം മിഷനും മുൻകൈയെടുത്ത് ഏലപ്പാറ ഗ്രാമപ്പഞ്ചായത്തുമായി ചേർന്നു നടത്തിയ ഇടപെടലുകളാണ് മാറ്റത്തിന് തുടക്കം കുറിച്ചത്.

പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളായ വാഗമൺ, മൊട്ടക്കുന്ന്, പൈൻവാലി എന്നിവിടങ്ങളിലെല്ലാം റോഡും പരിസരവും വൃത്തിയാണ്. ജൈവ മാലിന്യങ്ങളൊന്നും പ്ലാസ്റ്റിക്കിൽ കെട്ടി വലിച്ചെറിഞ്ഞത് കാണാനില്ല. ടൗണിൽ കടകളിൽ നിന്നും മറ്റുമുള്ള ജൈവ മാലിന്യങ്ങൾ പഞ്ചായത്തിന്റെ തുമ്പൂർമൂഴി സംസ്കരണ പ്ലാന്റിൽ നല്ല വളമാക്കുകയാണ്. ഏലപ്പാറ ഗ്രാമപ്പഞ്ചായത്തും ഹരിതകേരള മിഷനും ചേർന്ന് നടപ്പാക്കിയ 'വഴികാട്ടാൻ വാഗമൺ' എന്ന പദ്ധതിയിലൂടെ വാഗമൺ പ്രദേശത്ത് വന്ന മാറ്റങ്ങളാണിവ. ഇപ്പോൾ ഇവിടെയെത്തിയാൽ ആർക്കും ഒന്നും വലിച്ചെറിയാൻ തോന്നാത്ത സ്ഥിതിയുണ്ട്.

സംസ്ഥാനത്തെ ആദ്യ ഹരിത ചെക്ക് പോസ്റ്റുകളാണ് ഏലപ്പാറ ഗ്രാമപ്പഞ്ചായത്തിലേതെന്ന് ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പറഞ്ഞു. ഹരിതകേരളം നടപ്പാക്കുന്ന ഹരിതടൂറിസത്തിന്റെ പരീക്ഷണ മാതൃകയാണ് ഏലപ്പാറ ഗ്രാമപ്പഞ്ചായത്തിലേത്. ഇത് വിജയകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

### വാഗമണ്ണിലേത് സംസ്ഥാനത്തെ ആദ്യ ഹരിത ചെക്ക് പോസ്റ്റുകൾ

സംസ്ഥാനത്തെ ആദ്യത്തേതെന്ന് വിശേഷിപ്പിക്കാവുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹരിത ചെക്ക് പോസ്റ്റുകളാണ് വാഗമണ്ണിലേത്. ഏലപ്പാറ ടൗൺ, വട്ടപ്പതാൽ, പുള്ളിക്കാനം, വാഗമൺ (വഴിക്കടവ്), ചെമ്മണ്ണ് എന്നിവിടങ്ങളിലെ ചെക്ക് പോസ്റ്റുകളോടനുബന്ധിച്ചാണ് അഞ്ച് ഗ്രീൻ കൗണ്ടറുകളും.

പ്രമുഖ ടൂറിസം പോയിന്റുകളായ മൊട്ടക്കുന്ന്, പൈൻവാലി പാർക്കിംഗ് ഗ്രൗണ്ട്, പൈൻ വാലി കവാടം, വാഗമൺ, വാഗമൺ ടീ ജംഗ്ഷൻ എന്നിവിടങ്ങളിലാണ് ഗ്രീൻ ഷോപ്പുകൾ സജ്ജമാക്കിയിരിക്കുന്നത്.

ഗ്രീൻഷോപ്പുകളിൽ പരിസ്ഥിതി സൗഹൃദ ബദലുകളും ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സംവിധാനങ്ങളുമെല്ലാം ഒരുക്കി വരികയാണ്. ഉപ്പുതറ, ഏലപ്പാറ ടൗൺ, വാഗമൺ ടൗൺ, വാഗമൺ ടീ ജംഗ്ഷൻ, പുള്ളിക്കാനം, മൊട്ടക്കുന്ന്, പാർക്കിംഗ് ഗ്രൗണ്ട്, കൊച്ചുകരിന്തരുവി എന്നിവിടങ്ങളിലാണ് മേൽനോട്ട ചുമതലകളോടെ ബോട്ടിൽ ബൂത്തുകൾ തുറന്നിരിക്കുന്നത്. വാഗമണ്ണിലേയ്ക്കുള്ള ഉപ്പുതറ, ഏലപ്പാറ, തീക്കോയി, പുള്ളിക്കാനം, വഴിക്കടവ് അഞ്ച് റൂട്ടുകളും ഹരിത ഇടനാഴികളാക്കുന്നത് മുൻനിർത്തിയാണ് ഈ ക്രമീകരണങ്ങളെല്ലാം.

**പി.ആർ.ഒ**
**ഹരിതകേരളം മിഷൻ**
9895882812

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004